

# പുരാണസാഗരം

സമ്പാ : ഡോ. എൻ.പി. ഉണ്ണി


പുരാണങ്ങളുടെ ആധികാരിക പഠനം
ഇന്നും പൂർണമായി നിലവിൽ വന്നിട്ടില്ലെന്നിരിക്കെ,
വിപുലമായ ഈ സാഹിത്യസമുച്ചയത്തെ
പരിചയപ്പെടുത്തുന്ന ആധികാരിക പഠനമാണ്
ഡോ. എൻ.പി.ഉണ്ണി തയാറാക്കിയ ***പുരാണസാഗരം***
എന്ന ഈ ഗ്രന്ഥം.

സിൽ: 4574 ISBN 978-81-200-4574-3
വില : ₹ 450

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

പുരാണസാഗരം
സമ്പാ : ഡോ. എൻ.പി. ഉണ്ണി





പുരാണസാഗരം
സമ്പാ: ഡോ. എൻ.പി. ഉണ്ണി

2049

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2049 Call No.

This book should be returned on or before the date last given below.

LIBRARY
Thiruvazhamkunnu

*Malayalam*
**Puranasagaram**
*Compiled by*
**Dr. N. P. Unni**
First SIL Edition : February 2019
*Typeset at*
Beyond Publishers, Law College Junction,
Kunnukuzhy, Thiruvananthapuram - 35
*Printed at*
Vijnanamudranam Press, Nalanda,
Thiruvananthapuram - 695 003
*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003
✆ 0471-2316306, 2314768
www.keralabhashainstitute.org
© The State Institute of Languages Kerala 2019
Copies : 500

SIL/ 4574 ISBN 978-81-200-4574-3

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

FT/ 2769 Price : Rs. 450/-

# പുരാണസാഗരം

സമ്പാദനം

**ഡോ. എൻ. പി. ഉണ്ണി**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

രികമായ പരിശോധനയിലൂടെയും അതിന്റെ മലയാള വിവർത്തനമെന്ന ഗൗരവപൂർണമായ തപസ്യയിലൂടെയും മലയാള സാഹിത്യത്തിന് ഒരു അക്ഷയഖനിയായി മാറിയേക്കാവുന്ന ഈ ഗ്രന്ഥത്തിന്റെ കർത്താവ് ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാലാ മുൻവൈസ് ചാൻസലർ കൂടിയാണ്.

സംസ്കൃത-മലയാള-ചരിത്രാദി വിഷയങ്ങളിൽ പണ്ഡിതവരേണ്യനായ ഡോ. എൻ.പി. ഉണ്ണി രചിച്ച 'പുരാണ സാഗരം' നമ്മുടെ സംസ്കൃതിയെയും പൗരാണിക പഠനങ്ങളെയും ഇഷ്ടപ്പെടുന്ന സഹൃദയർക്കായി സാഭിമാനം സമർപ്പിക്കുന്നു.

**പ്രൊഫ: വി. കാർത്തികേയൻ നായർ**
**ശ്രീകല ചിങ്ങോലി**

നാളന്ദ,
ഫെബ്രുവരി, 2019

# മുഖവുര

ഇതിഹാസമെന്നും പുരാണമെന്നും വ്യവഹരിക്കപ്പെടുന്ന വിപുലമായ ഒരു സാഹിത്യസമുച്ചയം ഭാരതത്തിൽ പ്രചരിക്കുന്നുണ്ട്. വളരെയേറെ വിഭിന്നങ്ങളായ വിഷയങ്ങൾ പ്രതിപാദനം ചെയ്യുന്ന ഒരു സാഹിത്യ ശാഖയാണിത്. പലതിലും ശാസ്ത്രസിദ്ധാന്തങ്ങളും തത്വങ്ങളും കൂട്ടിച്ചേർത്തിരിക്കുന്നതായി കാണുന്നതിനാൽ ഇതെല്ലാം ഏകകർതൃകമാണോ എന്നു സംശയം തോന്നുന്നു. പുരാതനമായതുകൊണ്ടും വളരെ പഴക്കമുള്ള കാര്യങ്ങൾ പ്രതിപാദിക്കുന്നതുകൊണ്ടും പുരാണമെന്നപേർ കൽപ്പിക്കുന്നു. "പുരാ അപി നവം"-പഴയതെങ്കിലും പുതുമയാർന്നത്-എന്ന അർഥത്തിലാണ് പുരാണശബ്ദത്തിന്റെ നിഷ്പാദനം. നിത്യമായ സത്യം-ഈശ്വരൻ-ആണ് കാതലായ പ്രതിപാദ്യം. "ഇതിഹാസം പുരാണം ച പഞ്ചമോ വേദ ഉച്യതേ" എന്നിങ്ങനെ ഭാഗവതകാരൻ ഈ ശാഖയുടെ മഹത്വത്തെ പ്രതിപാദിച്ചിരിക്കുന്നു. "പുരാ പരമ്പരാം വഷ്ടി പുരാണം തേനതത് സ്മൃതം"-പഴയ പരമ്പരയെ പ്രതിപാദിക്കുകയാൽ പുരാണമെന്നു പറയുന്നു-എന്നിങ്ങനെയാണ് പദ്മപുരാണകാരൻ പറയുന്നത്. പുരാണങ്ങൾ ഭഗവാനായ വിഷ്ണുവിന്റെ അംശങ്ങളായി ഇതിൽ കൽപ്പിച്ചിരിക്കുന്നത് കാണാം. ഇതിഹാസ പുരാണങ്ങൾ കൊണ്ട് വേദാർഥത്തെ വ്യാഖ്യാനിക്കണമെന്ന് ഒരു സൂക്തിയുണ്ട്.

വ്യാസൻ-കൃഷ്ണദ്വൈപായനൻ-ഈശ്വരാവതാരമാണെന്ന് കരുതപ്പെടുന്നു. അദ്ദേഹമാണ് എല്ലാ പുരാണങ്ങളുടെയും കർത്താവ് എന്നു പറയപ്പെട്ടുവരുന്നു. രോമഹർഷണൻ-കഥകേട്ട് ശരീരത്തിൽ രോമാഞ്ചമുണ്ടായവൻ-എന്ന തന്റെ ശിഷ്യന് ഉപദേശിച്ചു കൊടുത്ത രീതിയിലാണ് പുരാണങ്ങളുടെ സംവിധാനം. അയാൾ തന്റെ മകനായ ഉഗ്രശ്രവസ്സിന് ഇത് പകർന്നു കൊടുത്തു. അദ്ദേഹം (അസാധാരണമായ ചെവിയുള്ളവൻ-ശ്രവണശക്തിയുള്ളവൻ) ആഖ്യാനങ്ങൾ കേട്ടറിഞ്ഞു. നൈമിഷാരണ്യത്തിൽ പന്ത്രണ്ടുവർഷം നീണ്ടുനിന്ന ഒരു മഹാസത്രത്തിൽ-യാഗ

ത്തിൽ പങ്കെടുക്കാനെത്തിയ മഹർഷിമാരുടെ അഭ്യർഥനയനുസരിച്ച് അവ
രോട് പറയുന്നരീതിയിലാണ് പുരാണങ്ങളിലെ കഥാകഥനം.

പഞ്ചലക്ഷണങ്ങളുള്ള പുരാണങ്ങളെ ത്രിഗുണപരമായും
ത്രിമൂർത്തിപരമായും വിഭജിക്കാറുണ്ട്. മഹാപുരാണങ്ങളായി പതിനെട്ടും
ഉപപുരാണമായി പതിനെട്ടും വ്യാസകൃതങ്ങളായി അറിയപ്പെടുന്നു.
ഓരോ വിഭാഗത്തിലും നാലുലക്ഷം വീതം രണ്ടിലുംകൂടി എട്ടുലക്ഷം
ശ്ലോകസംഖ്യയാണ് പുരാണോപപുരാണങ്ങളിലുള്ളതായി കൽപ്പിക്കപ്പെ
ടുന്നത്. ഉപപുരാണങ്ങളുടെ സംഖ്യ പതിനെട്ടിൽ ഒതുങ്ങുന്നില്ല. അതു
വളരെ വിപുലമാണ്.

വിപുലമായ ഈ സംസ്കൃതഗ്രന്ഥസമുച്ചയം താരതമ്യേന വേണ്ടത്ര
ശ്രദ്ധിക്കാതെയായിരിക്കുന്നു. ഇവയിൽ ചിലവ-ഭാഗവതം പോലെയുള്ളവ
മാത്രമാണ് പാരായണയോഗ്യമായി എന്നും ആദരിക്കപ്പെടുന്നത്. അതി
നാൽ പല പുരാണങ്ങളുടെയും ആധികാരികമായ പ്രസാധനം ഇനിയും
ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നതാണ് അവസ്ഥ. ഇതിനുള്ള ശ്രമങ്ങൾ
ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

ഭാരതീയ ഭാഷകളിൽ ഈ പുരാണസമുച്ചയത്തിന്റെ ഭാഷാന്തര
ങ്ങൾ, പഠനങ്ങൾ മുതലായവ വേണ്ടത്ര ഉണ്ടായിട്ടില്ല. മലയാള ഭാഷയെ
സംബന്ധിച്ചിടത്തോളം ഇതുതന്നെയാണ് അവസ്ഥ. ഇത്രകണ്ട് വിപുല
മായ ഈ സാഹിത്യസമുച്ചയത്തെ പരിചയപ്പെടുത്തുന്ന ആധികാരിക
മായ ഒരു ഗ്രന്ഥമുണ്ടാകണമെന്ന ആഗ്രഹത്താലാണ് ഈ "പുരാണ
സാഗരം" തയാറാക്കിയിട്ടുള്ളത്. സംസ്കൃതത്തിലെ മൂലഗ്രന്ഥങ്ങൾ
ഓരോന്നായി പരിശോധിച്ച് അവയിലെ പ്രതിപാദ്യങ്ങളിലൂടെ ഒന്നു
കണ്ണോടിച്ചു തയാറാക്കിയതാണ് ഈ കൃതി. സ്ഥലപരിമിതിമൂലം പല
പ്പോഴും പറയാനുള്ളത് മുഴുവൻ പറഞ്ഞിട്ടില്ല എന്ന ബോധം ഗ്രന്ഥകാ
രനിൽ ശേഷിക്കുന്നു. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുരാണസാ
ഹിത്യത്തിലേക്ക് വെളിച്ചം വീശുന്ന ഈ കൃതി സഹൃദയർ സ്വീകരിക്കു
മെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ ഗ്രന്ഥം മനോഹരമായ രീതിയിൽ സംവി
ധാനം ചെയ്യാൻ സഹായിച്ച ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ
നായർ, മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ എന്നിവരോട് എന്റെ
കടപ്പാട് വ്യക്തമാക്കട്ടെ. ഈ കൃതി പ്രസിദ്ധീകരണത്തിനു യോഗ്യമാ
ക്കിയ എഡിറ്റർ ശ്രീകല ചിങ്ങോലിയ്ക്കും എന്റെ സുഹൃത്ത് കെ. വിജയ
കൃഷ്ണൻ എന്നിവരോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

സഹൃദയവിധേയൻ,

**ഡോ.എൻ.പി. ഉണ്ണി** (മുൻ വൈസ്ചാൻസലർ,
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല കാലടി)
ടി.സി. 27/1348, ശ്രീലാസ്യം, വഞ്ചിയൂർ
തിരുവനന്തപുരം-695035

## ഉള്ളടക്കം

**അധ്യായം 1**

**പുരാണം വേദവേദാംഗങ്ങളിൽ** 1-12

1. വൈദികസാഹിത്യം 2. ഇതിഹാസവും പുരാണവും
3. പുരാണവും വേദവും

**അധ്യായം 2**

**പുരാണലക്ഷണം** 13-31

1. പുരാണശബ്ദത്തിന്റെ നിഷ്പത്തി. 2. പുരാണം പഞ്ചലക്ഷണം. 3. പുരാണം ദശലക്ഷണം. 4. പുരാണത്തിന്റെ ആദ്യ സ്വരൂപം. 5. പുരാണത്തിന്റെ കർതൃത്വം

**അധ്യായം 3**

**അഷ്ടാദശപുരാണങ്ങൾ ഏതെല്ലാം?** 32-42

1. പതിനെട്ടു പുരാണങ്ങൾ. 2. വർഗീകരണം-ഗുണപരം. 3. വർഗീകരണം-ത്രിമൂർത്തിപുരം. 4. പുരാണങ്ങളിലെ ശ്ലോകസംഖ്യ. 5. നാമധേയ നിർവചനം. 6. പുരാണലക്ഷണസമന്വയം

**അധ്യായം 4**

**പുരാണപര്യടനം** 43-566

i പുരാണപ്രചാരം. ii. അനുക്രമം. iii. അതിവിപുലമായ സാഹിത്യം

1. ബ്രഹ്മപുരാണം. 2. പദ്മപുരാണം. 3. വിഷ്ണുപുരാണം 4. വായുപുരാണം. 5. ഭാഗവതപുരാണം. 6. നാരദീയ പുരാണം. 7. മാർക്കണ്ഡേയപുരാണം. 8. അഗ്നിപുരാണം. 9. ഭവിഷ്യപുരാണം. 10. ബ്രഹ്മവൈവർത്തപുരാണം.

11. ലിംഗപുരാണം. 12. വരാഹപുരാണം. 13. സ്കന്ദപുരാണം 14. വാമനപുരാണം. 15. കൂർമപുരാണം. 16. മൽസ്യപുരാണം. 17. ഗരുഡപുരാണം. 18. ബ്രഹ്മാണ്ഡപുരാണം

**അധ്യായം 5** **567–769**

**ഉപപുരാണങ്ങൾ**

**ഉപപുരാണങ്ങൾ എത്ര?**

1. പ്രകാശിതം/മാതൃകയുള്ളവ. 2. നാമമാത്രമായി അറിയുന്നവ. 3. ഉപപുരാണവിഭജനം.

1. ആദ്യുപപുരാണം. 2. നാരസിംഹോപപുരാണം. 3. ശിവധർമോപപുരാണം. 4. കാപിലോപപുരാണം. 5. വാരുണോപപുരാണം. 6. കാലികോപപുരാണം. 7. സാംബോപപുരാണം. 8. സൗരോപപുരാണം. 9. പാരാശരോപപുരാണം. 10. മാരീചോപപുരാണം. 11. ഭാർഗവോപപുരാണം. 12. ശിവോപപുരാണം. 13. ഏകോമ്രോപപുരാണം. 14. ദേവ്യുപപുരാണം. 15. മുദ്ഗലോപപുരാണം. 16. ദേവീഭാഗവതോപപുരാണം. 17. വാസിഷ്ഠലൈങ്ഗോപപുരാണം. 18. വാസിഷ്ഠോപപുരാണം. 19. കല്ക്യുപപുരാണം. 20. ബൃഹന്നാരദീയോപപുരാണം. 21. ക്രിയായോഗസാരോപപുരാണം. 22. ധർമ്മോപപുരാണം. 23. വിഷ്ണുധർമോത്തരോപപുരാണം. 24. വിഷ്ണുധർമോപപുരാണം. 25. ബൃഹദ്ധർമോപപുരാണം. 26. ഗണേശോപപുരാണം. 27. പുരുഷോത്തമോപപുരാണം. 28. മല്ലപുരീമാഹാത്മ്യം. 29. കൃഷ്ണപുരാണം. 30. കേരളമാഹാത്മ്യം. 31. സനത്കുമാരോപപുരാണം. 32. സ്കന്ദോപപുരാണം. 33. ദൗർവാസാസോപപുരാണം. 34. നാരദീയോപപുരാണം. 35. വാമനോപപുരാണം. 36. ഔശനസോപപുരാണം. 37. ബ്രഹ്മാണ്ഡോപപുരാണം. 38. മാഹേശ്വരോപപുരാണം. 39. മാനവോപപുരാണം. 40. നന്ദികേശ്വരോപപുരാണം. 41. ആഖേടകോപപുരാണം. 42. നന്ദോപപുരാണം. 43. പ്രഭാസകോപപുരാണം. 44. ലീലാവത്യുപപുരാണം. 45. ഏകപാദോപപുരാണം. 46. ശൗകേയോപപുരാണം. 47. ബാർഹസ്പത്യോപപുരാണം. 48. ഭാഗവതോപപുരാണം. 49. കൗർമ്മോപപുരാണം. 50. കാള്യുപപുരാണം. 51. ആണ്ഡോപപുരാണം. 52. മാഹേശോപപുരാണം. 53. കൗമാരോപപുരാണം. 54. ആദിത്യോപപുരാണം. 55. ശൗക്രോപപുരാണം. 56. വായവീയോപപുരാണം. 57. ഭാസ്കരോപപുരാണം. 58.



പാദ്മോപപുരാണം. 59. ബൃഹന്നാരദീയോപപുരാണം. 60. ഗരുഡോപപുരാണം. 61. ബൃഹന്നാരസിംഹോപപുരാണം. 62. ബൃഹദ്വൈഷ്ണവോപപുരാണം. 63. ലഘുഭാഗവതോപപുരാണം. 64. മൃത്യുഞ്ജയോപപുരാണം. 65. ആങ്ഗിരസോപപുരാണം. 66. ആംബികോപപുരാണം. 67. ശിവരഹസ്യോപപുരാണം. 68. സൂര്യോപപുരാണം. 69. ഭഗവതീഭാഗവതോപപുരാണം. 70. ഹംസോപപുരാണം. 71. ബൃഹദൗശനസോപപുരാണം. 72. ബൃഹദ്രൗദ്രോപപുരാണം

**അധ്യായം 6** **770–779**

**ഔപപുരാണങ്ങൾ**

1. ആദ്യൗപപുരാണം. 2. സനൽകുമാരൗപപുരാണം. 3. ബൃഹന്നാരദീയൗപപുരാണം. 4. ആദിത്യൗപപുരാണം. 5. നന്ദികേശ്വരൗപപുരാണം. 6. കൗർമൗപപുരാണം. 7. ഭാഗവതൗപപുരാണം. 8. വശിഷ്ഠൗപപുരാണം. 9. ഭാർഗവൗപപുരാണം. 10. മുദ്ഗലൗപപുരാണം. 11. കൽക്യൗപപുരാണം. 12. ദേവ്യൗപപുരാണം. 13. മഹാഭാഗവതൗപപുരാണം. 14. ബൃഹദ്ധർമ്മൗപപുരാണം. 15. പരാനന്ദൗപപുരാണം. 16. വായൗപപുരാണം. 17. പാശുപത്യൗപപുരാണം. 18. ഹരിവംശൗപപുരാണം

**അധ്യായം 7** **780–796**

**ആധുനികപുരാണസാഹിത്യം**

1. അർബുദപുരാണം. 2. ആത്മപുരാണം. 3. ആഗമപുരാണം. 4. ആഞ്ജനേയപുരാണം. 5. ആനന്ദപുരാണം. 6. ഉത്തരസൗരപുരാണം. 7. ഊർധ്വാമ്നായപുരാണം. 8. ഊർധ്വപുരാണം. 9. കന്യകാപുരാണം. 10. കച്ഛപുരാണം. 11. കാത്യായനീപുരാണം. 12. കാരണപുരാണം. 13. ക്രാതവപുരാണം. 14. കൈശികിപുരാണം. 15. ഗർഗപുരാണം. 16. ഗണ്ഡകിപുരാണം. 17. ഗാലവപുരാണം. 18. ഗോമതീപുരാണം. 19. ഗോകർണപുരാണം. 20. ചണ്ഡീപുരാണം. 21. ജൈമിനിപുരാണം. 22. ത്വഷ്ടൃപുരാണം. 23. തുലാപുരാണം. 24. ദത്തപുരാണം. 25. ദേവീരഹസ്യപുരാണം. 26. നിരഞ്ജനപുരാണം. 27. നീലമതപുരാണം. 28. പുഷ്കരപുരാണം. 29. പ്രജ്ഞാപുരാണം. 30. ഭവിഷ്യോത്തരപുരാണം. 31. ഭഗവതീപുരാണം. 32. ഭൂഗോളപുരാണം. 33. ഭൂചരപുരാണം